# അനുബന്ധം-II

## സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ്

### നിബന്ധനകൾ

1 ഈ അവാർഡിന്റെ പേര് സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് എന്നായിരിക്കും.

2 എല്ലാ വർഷവും ഈ അവാർഡ് നൽകുന്നതായിരിക്കും.

3 സംസ്ഥാന ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പായിരിക്കും ഈ അവാർഡ് നിർണ്ണയത്തിനും വിതരണത്തിനുമുള്ള സംഘാടകരായി പ്രവർത്തിക്കുക.

4 ഓരോ വർഷവും വ്യത്യസ്ത വിഷയങ്ങളെ ആധാരമാക്കിയുള്ള ഫോട്ടോകൾക്കായിരിക്കും അവാർഡ് നൽകുക. ഓരോ വർഷവും വിഷയം സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് തീരുമാനിക്കും.

5 ലഭിക്കുന്ന എൻട്രികളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോകൾക്ക് യഥാക്രമം 10001, 5001, 3001 രൂപ വീതം സമ്മാനം നൽകും. കൂടാതെ ഓരോ ജേതാവിനും സാക്ഷ്യപത്രവും അവാർഡ് ഫലകവും നൽകും.

6 കുറഞ്ഞത് നാലുപേരടങ്ങിയ ഒരു ജഡ്ജിങ് കമ്മിറ്റിയായിരിക്കും വിജയികളെ തീരുമാനിക്കുന്നത്. കമ്മിറ്റിയിൽ ഒരു ചെയർമാനും മൂന്ന് അംഗങ്ങളും ഉണ്ടായിരിക്കും. ഭൂരിപക്ഷ അഭിപ്രായ പ്രകാരമായിരിക്കും വിജയികളെ കണ്ടെത്തുക.

7 കമ്മിറ്റിയിലെ മൂന്ന് അംഗങ്ങളിൽ ഒരാൾ മെമ്പർ സെക്രട്ടറി കൂടി ആയിരിക്കും. ഇൻഫർമേഷൻ & പബ്ലിക റിലേഷൻസ് വകുപ്പിലെ ചീഫ് ഫോട്ടോഗ്രാഫർ ആയിരിക്കും എല്ലാ വർഷത്തെയും കമ്മിറ്റിയിലെ മെമ്പർ സെക്രട്ടറി.

8 ഫോട്ടോഗ്രാഫി പ്രൊഫഷനായി സ്വീകരിച്ചവർക്കും അമച്വർ ഫോട്ടോഗ്രാഫർമാർക്കും മത്സരത്തിൽ പങ്കെടുക്കാം. സർക്കാർ വകുപ്പുകളിലോ സ്വയംഭരണ സ്ഥാപനങ്ങളിലോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ ഫോട്ടോഗ്രാഫർമാരായി ജോലി ചെയ്യുന്നവർ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹരല്ല. കൂടാതെ പത്രഫോട്ടോഗ്രാഫർമാർക്കും ഈ മത്സരത്തിൽ പങ്കെടുക്കാൻ കഴിയുകയില്ല.

9 ഫോട്ടോകളിൽ ഉടമയെ തിരിച്ചറിയാനുള്ള അഡ്രസ്സോ അടയാളമോ ഉണ്ടാകാൻ പാടില്ല.

10 അഡ്രസ്സും ഫോൺ നമ്പരും അപേക്ഷയോടൊപ്പം അടക്കം ചെയ്തിരിക്കണം.

11 മത്സരത്തിൽ എൻട്രികളായി ലഭിക്കുന്ന ഫോട്ടോഗ്രാഫുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് അവകാശപ്പെട്ടതും ഈ വകുപ്പിന് ഉപയോഗിക്കാൻ അധികാരമുള്ളതുമായിരിക്കും.

12 അപ്രകാരം ഉപയോഗിക്കുന്ന ചിത്രങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഒരു തുക പ്രതിഫലമായി നൽകുന്നതാണ്.

13 ഡിജിറ്റൽ ഫോട്ടോകളും നെഗറ്റീവിൽ നിന്നുള്ള ഫോട്ടോകളും അയക്കാവുന്നതാണ്. കൃത്രിമ ഫോട്ടോകൾ എൻട്രികളായി സ്വീകരിക്കുന്നതല്ല.

14 സമ്മാനർഹർ അവാർഡ് വാങ്ങുന്നതിനു മുൻപ് നെഗറ്റീവുകൾ സി ഡികൾ എന്നിവ ഹാജരാക്കേണ്ടതാണ്.

15 മത്സരവുമായി ബന്ധപ്പെട്ട് ഒരു വിധത്തിലുമുള്ള കത്തിടപാടും അനുവദനീയമല്ല.

16 എൻട്രിയായി അയയ്ക്കുന്ന ഫോട്ടോയുടെ വലിപ്പം 18" x 12" ആയിരിക്കണം. കളർ ഫോട്ടോകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

17 മത്സരത്തിന് ഒരാൾക്ക് മൂന്ന് എൻട്രികൾ വരെ അയയ്ക്കാവുന്നതാണ്.

18 ഫോട്ടോഗ്രാഫി അവാർഡുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളും തിരുവനന്തപുരം ജൂറിസ്ഡിക്ഷൻ പരിധിക്കുള്ളിലായിരിക്കും.

19 ഫോട്ടോഗ്രാഫി അവാർഡുമായി ബന്ധപ്പെട്ട എല്ലാ അവസാന തീരുമാനങ്ങളും സംസ്ഥാന സർക്കാരിന്റേതായിരിക്കും.

20 അവാർഡിനർഹമായ എൻട്രികൾ ലഭിക്കാതെ വന്നാൽ അവാർഡ് നൽകാതിരിക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ
വിവര-പൊതുജന സമ്പർക്ക വകുപ്പ്

അനുബന്ധം-I

**അപേക്ഷാഫോറം**

സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് 2007

1. പേര്

2. വിലാസം

(എ) ഫോൺ നമ്പർ
(ബി) ഇ മെയിൽ
(സി) ഫാക്സ്

3. വയസ്

4. പുരുഷൻ/സ്ത്രീ

5. ഫോട്ടോയുടെ വിഷയം - മനുഷ്യനും പ്രകൃതിയും

മുകളിൽ തന്നിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്നും സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡിന്റെ എല്ലാ നിയമങ്ങളും അറിയാമെന്നും അനുസരിക്കുമെന്നും, വിവരങ്ങൾ ഏതെങ്കിലും തെറ്റാണെന്ന് ബോധ്യമായാൽ മത്സരത്തിൽ നിന്ന് എന്നെ, ഒഴിവാക്കുന്നതിന് എനിക്കു സമ്മതമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

പേര്
വിലാസം

സ്ഥലം

തീയതി